പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 595 — 08.08. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിലെ ഒഴിവുകൾ**

ചോദ്യം

ഡോ എം.കെ.മുനീർ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലുള്ള 560 ഒഴിവുകൾ ഇതുവരെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനിക വൽക്കരണ നടപടികളുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകും എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. |
| (ബി) കരാർ അടിസ്ഥാനത്തിലും പ്രവർത്തന ക്രമീകരണം വഴിയും പ്രസ്തുത തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | (ബി) കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. പ്രവർത്തന ക്രമീകരണം വഴി ക്യാഷ് കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) 18.2.2017 -ലെ 1208777/എവിസി-വി(1)/2016/പി &എആർഡി നമ്പർ കത്ത് പ്രകാരം പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നിർദ്ദേശം നൽകിയിട്ടും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; സർക്കാർ നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ; | (സി) ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ചോദ്യം എ പ്രകാരമുള്ള നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) കെ.എസ്.ഇ.ബി യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലുള്ള560 ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ എണ്ണം കണക്കാക്കി ആവശ്യമായ ഒഴിവുകൾ മാത്രമേ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. അതനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ